3. നൈറ്റ് സോയിലിൽനിന്നും ഊർജ്ജോല്പാദനത്തിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

4. മുൻസിപ്പൽ സോളിഡ് വേസ്റ്റ് അസസ്മെന്റ് സർവെ നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ സൂര്യറാന്തൽ വിതരണം, സൗരോർജ്ജ തെരുവുവിളക്കു സ്ഥാപിക്കൽ, ഭവന വൈദ്യുതീകരണം, വാക്സിൻ ശീതീകരണം, പൊതു ആവശ്യത്തിന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ചെറിയ പദ്ധതികൾ, സൗരോർജ്ജപമ്പ് സ്ഥാപിക്കൽ തുടങ്ങിയ പരിപാടികൾ ഏറ്റെടുത്തു നടപ്പാക്കിവരുന്നു.

(സി) 'ബി'യിൽ പരാമർശിച്ചിട്ടുള്ള എല്ലാ പദ്ധതികൾക്കും സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) തെരഞ്ഞെടുത്ത പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ട്.

(എഫ്) കേന്ദ്ര സർക്കാർ ധനസഹായം നൽകുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

	പദ്ധതികൾ	ധനസഹായം
1.	സോളാർ റാന്തൽ	1500 രൂപ
2.	ഭവന വൈദ്യുതീകരണ ഉപകരണങ്ങൾ	6000 രൂപ
3.	തെരുവുവിളക്ക്	12000 രൂപ
4.	പുകയില്ലാത്ത അടുപ്പ്	40 രൂപ
5.	പവർ പ്ലാന്റ്	1 കിലോവാട്ടിന് 1 ലക്ഷം രൂപ
6.	ബയോ ഗ്യാസിഫയർ സിസ്റ്റം(ഇലക്ട്രിക്കൽ)	300 കിലോവാട്ടിന് 6 ലക്ഷം രൂപ
7.	ബയോ ഗ്യാസിഫയർ സിസ്റ്റം (തെർമൽ)	220 കിലോവാട്ടിന് 3 ലക്ഷം രൂപ
8.	ബയോഗ്യാസ് പ്രോഗ്രാം	35 എം. (എൽ.ബി.സി) ഉള്ള ഒരു പ്ലാന്റിന് 4.6 ലക്ഷം രൂപ
9.	മുനിസിപ്പൽ സോളിഡ് വേസ്റ്റിൽനിന്നും ഊർജം ഉൽപ്പാദിപ്പിക്കൽ	ഒരു മെഗാവാട്ടിന് പരമാവധി 1½ കോടി രൂപ

(ജി) നിലവിൽ ഇതിനെ സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

മനുഷ്യാവകാശ കമ്മീഷൻ

12 (723) ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മനുഷ്യാവകാശ കമ്മീഷന്റെ മുൻപാകെ എത്ര പരാതികൾ പെന്റിംഗ് ആയിട്ടുണ്ട്;

(ബി) ഇവയിൽ എത്ര എണ്ണത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ട്;

(സി) അന്വേഷണം നടത്തുവാൻ കമ്മീഷന് സ്വന്തമായി സജ്ജീകരണമുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ)&(ബി) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ 12.12.99 വരെ 789 പരാതികൾ അന്വേഷണം നടത്താതെ പെന്റിംഗ് ആയിട്ടുണ്ട്.

(സി)&(ഡി) 1998 ലെ കേരള മനുഷ്യാവകാശ കമ്മീഷൻ ചട്ടങ്ങളിലെ 15-ാം ചട്ടപ്രകാരം സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് സ്വന്തമായി ഒരു ഇൻവെസ്റ്റിഗേഷൻ ടീം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു കൂടാതെ മനുഷ്യാവകാശ കമ്മീഷൻ നിയമത്തിലെ 14-ാം വകുപ്പ് 29-ാം വകുപ്പുമായി കൂട്ടിവായിക്കുന്നതിൻപ്രകാരം കേന്ദ്ര ഗവണ്മെന്റിന്റേയോ സംസ്ഥാന ഗവണ്മെന്റിന്റേയോ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഇൻവെസ്റ്റിഗേഷൻ ഏജൻസിയുടേയോ സേവനം അതാത് ഗവണ്മെന്റിന്റെ സമ്മതത്തോടുകൂടി അന്വേഷണം നടത്തുവാൻ വേണ്ടി മനുഷ്യാവകാശ കമ്മീഷന് ഉപയോഗിക്കാവുന്നതാണ്. ഇൻവെസ്റ്റിഗേഷൻ ടീമിന്റെ തലവനായി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ മുൻപാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ

13 (724)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവണ്മെന്റ് നടത്തിയ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളാണ് തിരുവനന്തപുരത്ത് വച്ച് ധനകാര്യ കമ്മിഷനെ കണ്ടത്;

(ബി) പ്രസ്തുത പാർട്ടികൾ ധനകാര്യ കമ്മീഷന് സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ പകർപ്പ് സംസ്ഥാന ധനകാര്യ വകുപ്പിന് നല്കിയിട്ടുണ്ടോ;

(സി) എങ്കിൽ അതിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ഡി) സംസ്ഥാന ഗവണ്മെന്റ് സമർപ്പിച്ച മെമ്മോറാണ്ടത്തിലെ നിർദ്ദേശങ്ങളെ സംബന്ധിച്ച് ധനകാര്യ കമ്മീഷന്റെ പ്രതികരണം എന്തായിരുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്), ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (ഐ), കേരളാ കോൺഗ്രസ്സ് (ജേക്കബ്), ഇൻഡ്യൻ യൂണിയൻ മുസ്ളീം ലീഗ്, റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി, നാഷണലിസ്റ്റ് കോൺഗ്രസ്സ് പാർട്ടി എന്നീ രാഷ്ട്രീയ പാർട്ടികളാണ് 11-ാം ധനകാര്യ കമ്മീഷന്റെ കേരള സന്ദർശന വേളയിൽ ധനകാര്യ കമ്മീഷനെ കണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly